# പതിമൂന്നാം കേരളനിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4853 27.06.2014-ൽ മറുപടിക്ക്.

**ഗുണഭോക്തൃ ലിസ്റ്റ് രൂപീകരണം**

| ചോദ്യം<br>ശ്രീമതി പി. അയിഷാ പോറ്റി | | മറുപടി<br>ഡോ.എം.കെ.മുനീർ<br>(ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
|---|---|---|
| (എ) വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഉണ്ടെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഗുണഭോക്തൃ ലിസ്റ്റ് രൂപീകരണം കാര്യക്ഷമമായി നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ഗുണഭോക്തൃ ലിസ്റ്റ് രൂപീകരണം കാര്യക്ഷമമാക്കുന്നതിനായി കംപ്ട്രോളർ & ആഡിറ്റർ ജനറൽ, ലോക്കൽ ഫണ്ട് ആഡിറ്റ് എന്നീ വിഭാഗങ്ങൾ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | | |
| (സി) ഗുണഭോക്തൃ ലിസ്റ്റിൽ അർഹരായവർ മാത്രം ഉൾപ്പെടുന്നു എന്നു ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ? | (സി) | ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഓരോ പദ്ധതിയുടെയും അർഹതാ മാനദണ്ഡങ്ങൾ പരിഗണിച്ച് ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുന്നതിന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് ആയതു പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. പെർഫോമൻസ് ആഡിറ്റ്, ലോക്കൽ ഫണ്ട് ആഡിറ്റ്, സിഎജി ആഡിറ്റ് എന്നിവ വഴി പരിശോധന നടത്തുന്നതിനുള്ള സംവിധാനവും നിലവിലുണ്ട്. വീഴ്ച വരുത്തുന്ന തദ്ദേശസ്ഥാപന അധികൃതർക്കെതിരെ കർശനമായ നടപടികൾ തുടരുന്നതും അനർഹർക്ക് ആനുകൂല്യം നൽകിയാൽ ടി തുക ബന്ധപ്പെട്ടവരിൽനിന്നും 18% പലിശ സഹിതം തിരിച്ചു പിടിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ